**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 662** **06-12-2022 - ൽ മറുപടിയ്ക്ക്**

**നാചറൽ ഫൈബർ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിൽ കയർഫെഡിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന നാചറൽ ഫൈബർ പാർക്കിന്റെ വികസനത്തിനായി അനുവദിച്ച 65 ലക്ഷം രൂപ ഉപയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ? | (എ) | കയർഫെഡിന്റെ ചവറ നാചറൽ ഫൈബർ പാർക്ക് യൂണിറ്റിൽ ഒരു ജിയോ ടെക്സ്റ്റൈൽ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി ജി.ഒ(ആർ.റ്റി) നം.1098/2019/വ്യവ. തീയതി 04/11/19 പ്രകാരം 78,71,000/- രൂപയുടെ ഭരണാനുമതി നൽകുകയും ജി.ഒ (ആർ.റ്റി) നം.1072/20/വ്യവ. തീയതി 17/12/2020 പ്രകാരം 50,00,000/- രൂപ കയർഫെഡിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ സഹായത്തോടെ ഒരു ഓട്ടോമാറ്റിക് പവർലൂം (fully automatic power loom) സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഇതിന്റെ ട്രയൽറൺ നടന്നു വരുന്നു. ട്രയൽ റൺ പൂർത്തിയാകുന്ന മുറയ്ക്ക് ഉൽപ്പാദനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ